**Lalith Babu**

**വിവരാവകാശ അപേക്ഷ സ്വീകരിച്ച അത് ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക് കൈമാറുക എന്നുള്ളത് സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലയാണ് ഇതിൽ വീഴ്ച വന്നാൽ നടപടികൾ ഉണ്ടായേക്കാവുന്നതാണ്**

ചോദ്യം *(iii)* : വിവരാവകാശ നിയമപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ, പരാതികൾ, അപ്പീൽ ഹർജികൾ എന്നിവ സ്വീകരിക്കേണ്ടതും ആയവ ബന്ധപ്പെട്ട അധികാരികൾക്ക് സമയബന്ധിതമായി നൽകേണ്ട ചുമതല ഓരോ ഓഫീസുകളിലെയും സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. ശ്രീ. 2-11-2006-ൽ നൽകിയ അപേക്ഷയ്ക്ക് കൈപ്പറ്റു രസീത് നൽകി സ്വീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ശ്രീ. കൂട്ടാക്കുകയുണ്ടായില്ല. ഇത് വിവരാവകാശ നിയമത്തിന്റെ ലംഘനവും ആയത്, കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിനെതിരെ 3-11-2006 തീയതി വെച്ച് പരാതി വിദ്യാഭ്യാസ ഉപഡയറക്ടർ ഗൗരവത്തോടെ കൈകാര്യം ചെയ്തിട്ടില്ല.

മേൽ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നു:

(i) ഹർജിക്കാരന്റെ 2-11-2006-ലെ അപേക്ഷ തീർപ്പാക്കുന്നതിൽ ഉണ്ടായ 7 ദിവസത്തെ കാലതാമസത്തിന് വകുപ്പ് 20(1) അനുശാസിക്കുന്ന പിഴശിക്ഷാ നടപടികൾ രണ്ടാം എതൃകക്ഷിക്കെതിരെ സ്വീകരിക്കുന്നതാണ്. ഇതു സംബന്ധിച്ച് രണ്ടാം എതൃകക്ഷിയിൽ നിന്നും രേഖാമൂലം സമാധാനം ആവശ്യപ്പെടാം.

(ii) 3-11-2006-ൽ ഹർജിക്കാരൻ സമർപ്പിച്ച പരാതി വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷിച്ച് പത്തു ദിവസത്തിനുള്ളിൽ തീർപ്പു കൽപ്പിച്ച് തീരുമാനം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

അപ്പീൽ ഹർജി ഇപ്രകാരം അനുവദിച്ച് ഇന്നേദിവസം 2007 മാർച്ച് മാസം 5-ന് കമ്മീഷൻ ഉത്തരവാകുന്നു.